"ഭരണഭാഷ - മാതൃഭാഷ"

**അടിയന്തിരം**

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ഐ2/9712/13

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 05/02/2014

## *സർക്കുലർ*

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-പ്ലാനിംഗ്- മെക്കാനിക്കൽ ട്രേഡുകൾ നിലവിലുള്ള സർക്കാർ ഐ.ടി.ഐ കളിൽ പോഷകാഹാര പദ്ധതി നടപ്പിലാക്കൽ- നിലവിലെ സ്ഥിതി ആവശ്യപ്പെടുന്നത്- സംബന്ധിച്ച്:

സൂചന:- 1) 29-11-2013 തീയതിയിലെ ഐ2/9712/13 നമ്പരായ ട്രെയിനിംഗ് ഡയറക്ടറുടെ ഉത്തരവ്.
2) 6-1-2014 തീയതിയിലെ ഇതേ നമ്പരായ ഈ കാര്യാലയത്തിൽ നിന്നുള്ള കത്ത്.

****************

സൂചന ശ്രദ്ധിച്ചാലും. സംസ്ഥാനത്തെ, മെക്കാനിക്കൽ ട്രേഡുകൾ നിലവിലുള്ള തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ഐ.ടി.ഐ കളിൽ, പോഷകാഹാര പദ്ധതി നടപ്പിലാക്കുന്നതിന് അതാത് സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾമാരെ നിയോഗിച്ച് കൊണ്ട്, സൂചന (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ നാളിതുവരെയും ഐ.ടി.ഐ കളിൽ നിന്ന് ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടി വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഐ.ടി.ഐ കളിൽ നിന്ന് ലഭിച്ച ജനുവരി 2014 ലെ ചെലവ് പട്ടികകളിൽ ടി വിഷയം സംബന്ധമായി ചെലവ് ഉണ്ടായതായി സൂചിപ്പിച്ചിട്ടുമില്ല. അടിയന്തിരമായി പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടതും, ആയത് സംബന്ധിച്ച വിവരം സൂചന ( 1) ഉത്തരവ് പ്രകാരം, ചെലവ് വിവരം സഹിതം, 12-2-14 തീയതിയ്ക്കകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

ബന്ധപ്പെട്ട എല്ലാ ഐ. ടി.ഐ. പ്രിൻസിപ്പാൾമാർക്കും

എസഎച്ച്:7/2/14